**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് - ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1776/2018/തസ്വഭവ — തിരുവനന്തപുരം, തീയതി. 29/06/2018

---

പരാമർശം:- ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/06/2018 ലെ എ 3-2538/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ആയ 89,000/- രൂപയും പലിശയും ചേർത്ത് ഇപ്പോൾ 2,89,000/- രൂപ ആയിരിക്കുകയാണെന്നും ആയതിനാൽ പലിശയിനത്തിലുള്ള സംഖ്യ ഒഴിവാക്കി യഥാർത്ഥത്തിലടക്കാനുള്ള 89,000/- (എൺപത്തി ഒൻപതിനായിരം) രൂപ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ആയ 89,000/- (എൺപത്തി ഒൻപതിനായിരം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്, വലിയകുന്ന് പി.ഒ, മലപ്പുറം - 676552

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ